"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- സംസ്ഥാനത്തെ ഫീസ് വാങ്ങാതെ സൗജന്യമായി പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ, വൃദ്ധസദനങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായുള്ള സൂപ്പർവിഷൻ ചാർജ് ഈടാക്കുന്നത് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.1912/2024/LSGD തീയതി,തിരുവനന്തപുരം, 15-10-2024

---

പരാമർശം:-

1. 12.09.2011-ലെ 42448/ഇഡബ്ല്യു3/2011/തസ്വഭവ നമ്പർ സർക്കുലർ
2. സ.ഉ(കൈ) 37/2016/തസ്വഭവ തീയതി.18.02.2016 നമ്പർ ഉത്തരവ്
3. 24.01.2020-ലെ ഇഡബ്ല്യു3/330/2019/തസ്വഭവ നമ്പർ സർക്കുലർ
4. 15.02.2021-ലെ ഇഡബ്ല്യുഎ3/179/2020-തസ്വഭവ നമ്പർ സർക്കുലർ
5. ചീഫ് എഞ്ചിനീയറുടെ 23.04.2024 -ലെ LSGD/PD/14721/2024-DB2 നമ്പർ കത്ത്.
6. കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ, സാൻജോസ് വിദ്യാലയ സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പൽ , സംസ്ഥാനതല തദ്ദേശ സ്വയം ഭരണ വകുപ്പ് അദാലത്തിൽ ഡോക്കറ്റ് നം. EFKTM20520000016 -ആയി സമർപ്പിച്ച അപേക്ഷ.
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 23.09.2024 തീയതിയിലെ LSGD/PD/32959/2024/DB2 നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം (1),(3),(4) എന്നിവ പ്രകാരം സംസ്ഥാനത്തെ സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് സർക്കുലർ നിർദ്ദേശങ്ങൾ നൽകിയിരുന്നു. പരാമർശം(2) · പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനാഥാലയങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സൂപ്പർവിഷൻ ചാർജിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവായിരുന്നു.

മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന ഭിന്ന ശേഷിക്കാരായ കുട്ടികളെ ലാഭേച്ഛ ഇല്ലാതെ പഠിപ്പിക്കുന്ന സ്ഥാപനങ്ങളാണ് സ്പെഷ്യൽ സ്കൂളുകൾ (സൗഹൃദ വിദ്യാലയം) എന്നുള്ളത് കണക്കിലെടുത്ത് ടി സ്ഥാപനങ്ങളെ സൂപ്പർവിഷൻ ചാർജിൽ നിന്നും ഒഴിവാക്കുന്നതിന് പരാമർശം (2)-ലെ സർക്കാർ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്താവുന്നതാണെന്ന് പരാമർശം (5) പ്രകാരം ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തിരുന്നു.

ലാഭേച്ഛയില്ലാതെ നടത്തുന്ന സ്പെഷ്യൽ സ്കൂളുകളെ സൂപ്പർവിഷൻ ചാർജിൽ നിന്നൊഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (6) പ്രകാരം കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ, കാണക്കാരി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സാൻജോസ് വിദ്യാലയ സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പൽ , സംസ്ഥാനതലത്തിൽ സംഘടിപ്പിക്കപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പ് അദാലത്തിൽ സമർപ്പിച്ച അപേക്ഷ, സംസ്ഥാനതല കമ്മിറ്റി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾ, വൃദ്ധസദനങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഈടാക്കി വരുന്ന സൂപ്പർ വിഷൻ ചാർജ് ഒഴിവാക്കി നൽകുന്നതിനുള്ള പ്രപ്പോസൽ പരാമർശം (7) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾ (സൗഹൃദ വിദ്യാലയങ്ങൾ), സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1860/ ഇൻഡ്യൻ ട്രസ്റ്റ് ആക്ട് 1882 എന്നിവ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള, നിർധനരായ വൃദ്ധജനങ്ങൾക്കായി ലാഭേച്ഛ ഇല്ലാതെ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവയ്ക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഈടാക്കിയിരുന്ന സൂപ്പർവിഷൻ ചാർജ് ഒഴിവാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഫീസ് വാങ്ങാതെ സൗജന്യമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമാണ് ഈ ഉത്തരവ് ബാധകമായിട്ടുള്ളത് എന്ന കാര്യം പ്രത്യേകം വ്യവസ്ഥ ചെയ്യുന്നു.

ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, പൊതു വിദ്യഭ്യാസ വകുപ്പ്, തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi J P
സെക്ഷൻ ഓഫീസർ
Date: 15-10-2024 10:50:49